**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5846.** 03.11.2016 ന് മറുപടിയ്ക്ക്

**മദ്യപാനത്തിനെതിരെയുള്ള സന്ദേശം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന എല്ലാതരം മദ്യകുപ്പികളിലും മദ്യപാന ത്തിനെതിരെയുള്ള സന്ദേശം രേഖപ്പെടുത്തിയിട്ടുണ്ടോ; ഇത്തരത്തി ലുള്ള സന്ദേശങ്ങൾ രേഖപ്പെടുത്തി യിട്ടും മദ്യപാന ശീലത്തിൽ നിന്നും മദ്യപാനികളെ പിന്തിരിപ്പിക്കാൻ കഴിയുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (എ) | ഉണ്ട്.<br>ടി സന്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടും മദ്യപാനശീലത്തിൽ നിന്നും മദ്യപാനികളെ പിൻതിരിപ്പിക്കുവാൻ കഴിയുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മദ്യപാനത്തിനെതിരെയുള്ള ബോധ വത്കരണത്തിലൂടെ മദ്യം ഉപേക്ഷിക്കു ന്നവരുടെ എണ്ണം കണക്കാക്കിയി ട്ടുണ്ടോ; മദ്യവർജ്ജനം പ്രോത്സാഹിപ്പി ക്കുന്നതു വഴി ഇത് എത്ര ശതമാന മായി ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കു മോ; | (ബി) | കണക്കാക്കിയിട്ടില്ല. മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപഭോഗം ഘട്ടം ഘട്ടമായി പൂർണ്ണമായി കുറയ്ക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുവാനായി കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ- "വിമുക്തി" 06.10.2016 ലെ ജി.ഒ.(എം.എസ്) 94/2016/നി.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. |
| (സി) | മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്ന തിന് സർക്കാരിനെ കൂടാതെ മറ്റേ തെല്ലാം തരത്തിലുള്ള സംഘടനകൾ | (സി) | ലഹരിയുടെ ഉപയോഗം സമൂഹത്തിൽ ഉണ്ടാക്കുന്ന ദൂഷ്യഫലങ്ങളെയും, മഹാവിപ ത്തിനെയുംകുറിച്ച് എല്ലാ വിഭാഗം ജനങ്ങളെ |

| | | | |
|---|---|---|---|
| | സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്നും ഇവയുടെ പ്രവർത്തനം മൂലം മദ്യത്തിന്റെ ഉപഭോഗം പ്രതിവർഷം എത്ര ശതമാനം വരെ കുറയ്ക്കാൻ കഴിയുന്നുണ്ടെന്നും വ്യക്തമാക്കുമോ; സർക്കാരിന്റെ നേരിട്ടുള്ള ബോധവത്കരണം വഴി ഇത് എത്ര ശതമാനമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | | യും ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, എസ്.പി.സി, സംസ്ഥാന ലൈബ്രറി കൗൺസിൽ, ലഹരി-വിരുദ്ധ ക്ലബ്ബുകൾ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ, എൻ.ജി.ഒ-കൾ എന്നിവയുമായി ചേർന്ന് റാലികൾ, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ഹ്രസ്വചിത്രങ്ങൾ, ഡോക്യുമെന്ററി പ്രദർശനം, സെമിനാറുകൾ, പോസ്റ്റർ പ്രദർശനം, ക്വിസ് മത്സരം, ചിത്രരചനാ മത്സരം, പ്രസംഗ മത്സരം, എക്സിബിഷനുകൾ, ലഹരിവിരുദ്ധ സന്ദേശ ബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഇത്തരം ബോധവത്ക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിന് ഊന്നൽ നൽകി ഘട്ടം ഘട്ടമായി മദ്യ ഉപഭോഗം കുറയ്ക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. |
| (ഡി) | മദ്യ ഉത്പാദനവും,വിതരണവും കുറയ്ക്കാതെ മദ്യവർജ്ജനം സാധ്യമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് ഏത് രീതിയിൽ സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഡി) | മദ്യവർജ്ജനം പ്രോത്സാഹിപ്പിച്ച് മദ്യത്തിന്റെ ആവശ്യകത കുറയുമ്പോൾ സ്വാഭാവികമായി മദ്യ ഉൽപ്പാദനവും വിതരണവും കുറയുന്നതാണ്. |

സെക്ഷൻ ഓഫീസർ